"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - പത്തനാപുരം മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം എന്ന പദ്ധതി കിഫ്ബി ധനസഹായത്തിൽ നിന്നും ഒഴിവാക്കികൊണ്ടും പ്രസ്തുത പദ്ധതിയ്ക്കായി 15.17 കോടി രൂപയുടെ വിശദമായ പദ്ധതി രൂപരേഖയ്ക്ക് ഭരണാനുമതി നൽകികൊണ്ടുള്ള ഉത്തരവ് റദ്ദാക്കികൊണ്ടും ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

---

**റവന്യൂ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.1170/2025/RD തീയതി,തിരുവനന്തപുരം, 15-05-2025

---

പരാമർശം:-
1. 31.08.2018 തീയതിയിലെ സ.ഉ.(സാധാ)നം.3570/2018/റവ നമ്പർ സർക്കാർ ഉത്തരവ്.
2. 28.10.2021 തീയതിയിലെ സ.ഉ.(സാധാ)നം.3634/2021/റവ നമ്പർ സർക്കാർ ഉത്തരവ്.

**ഉത്തരവ്**

2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലും മറുപടി പ്രസംഗത്തിലും കിഫ്ബി ധനസഹായത്തോടുകൂടി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതികളിൽ കൊല്ലം ജില്ലയിലെ "പത്തനാപുരം മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം" എന്ന പദ്ധതിയും ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങളുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിനെ ചുമതലപ്പെടുത്തി പരാമർശം 1 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിയ്ക്കുകയുണ്ടായി.

2] തുടർന്ന്, പത്തനാപുരം മിനി സിവിൽ സ്റ്റേഷൻ കം കോർട്ട് കോംപ്ലക്സ് നിർമ്മാണം എന്ന പദ്ധതിയ്ക്കായി കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സമർപ്പിച്ചിരുന്ന 15.17 കോടി രൂപയുടെ വിശദമായ പദ്ധതി രൂപരേഖയ്ക്ക് പരാമർശം 2 പ്രകാരം ഭരണാനുമതി നൽകി സർക്കാർ ഉത്തരവാകുകയുണ്ടായി.

3] പത്തനാപുരം മിനി സിവിൽ സ്റ്റേഷൻ കം കോർട്ട് കോംപ്ലക്സ് പദ്ധതിയ്ക്ക് കിഫ്ബി ധനസഹായം ലഭ്യമാകാത്തതിനാൽ പദ്ധതി ആരംഭിക്കുവാൻ കഴിഞ്ഞിരുന്നില്ലെന്നും ഈ സാഹചര്യത്തിൽ 2025-26 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ പത്തനാപുരം നിയോജകമണ്ഡലത്തിൽ ഏറ്റവും മുൻഗണന നൽകേണ്ട പദ്ധതിയായി കോടതി സമുച്ചയ നിർമ്മാണം ഉൾപ്പെടുത്തണമെന്ന ആവശ്യം ഉയർന്നുവന്നതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതിക്ക് ബജറ്റിൽ 16 കോടി രൂപ വകയിരുത്തി ആയതിന്റെ 20 ശതമാനം തുകയായ 3.20 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ടെന്നും പദ്ധതി നിർവ്വഹണ ഏജൻസിയായി പൊതുമരാമത്ത് കെട്ടിട വിഭാഗത്തിനെ നിയോഗിക്കുവാൻ താൽപ്പര്യപ്പെടുന്നതിനാൽ കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് തയ്യാറാക്കിയിട്ടുള്ള ഡി.പി.ആർ, ആർക്കിടെക്ചറൽ ഡിസൈൻ, സ്ട്രക്ചറൽ ഡിസൈൻ എന്നിവ ഉൾപ്പെടെയുള്ള റിപ്പോർട്ടുകൾ പൊതുമരാമത്ത്

വകുപ്പിന് കൈമാറുന്നത് പദ്ധതിയുടെ നിർമ്മാണ നിർവ്വഹണത്തിന് ഏറെ പ്രയോജനപ്രദമാകുമെന്നതിനാൽ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിച്ച് ഉത്തരവാകണമെന്നും 19.03.2025 തീയതിയിലെ 031/M-Trans/2025 നമ്പർ കുറിപ്പ് പ്രകാരം ബഹു. ഗതാഗത വകുപ്പ് മന്ത്രി അഭ്യർത്ഥിക്കുകയുണ്ടായി.

4] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പത്തനാപുരത്ത് നിലവിലുള്ള കോടതിയും, ഭാവിയിൽ ആരംഭിക്കാനിരിക്കുന്ന രണ്ട് കോടതികളും ജുഡീഷ്യൽ ആഫീസർമാരുടെ ക്വാർട്ടേഴ്സുകളും ഉൾപ്പെടുത്തിക്കൊണ്ടുള്ള കെട്ടിട സമുച്ചയമായ 'പത്തനാപുരം മിനി സിവിൽ സ്റ്റേഷൻ' എന്ന പദ്ധതി 'കോടതി സമുച്ചയം (കോർട്ട് കോംപ്ലക്സ്)' എന്ന പേരിൽ നടപ്പിലാക്കണമെന്ന ആശയം ഉയർന്നു വന്നതിനാൽ പ്രസ്തുത കോടതി സമുച്ചയ നിർമ്മാണം എന്ന പദ്ധതിയ്ക്കായി 2025-26 സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രസ്തുത പദ്ധതി അടങ്കലിന്റെ (16 കോടി രൂപ) 20 ശതമാനം (3.20 കോടി രൂപ) തുക വകയിരുത്തിയിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങളുടെ നിർവ്വഹണ ചുമതല പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. പത്തനാപുരം മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം എന്ന പ്രവൃത്തി റവന്യൂ സെക്ടറുമായി ബന്ധപ്പെട്ട സ്പെഷ്യൽ ഇൻവെസ്റ്റ്മെന്റ് പ്ലാൻ പ്രകാരമാണ് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയിരിക്കുന്നത്. ആകയാൽ 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലും മറുപടി പ്രസംഗത്തിലും കിഫ്ബി ധനസഹായത്തോടുകൂടി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതികളിൽ ഉൾപ്പെട്ടിട്ടുള്ള കൊല്ലം ജില്ലയിലെ പത്തനാപുരം മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം എന്ന പദ്ധതി കിഫ്ബി ധനസഹായത്തിൽ നിന്നും ഒഴിവാക്കേണ്ടതായിട്ടുണ്ട്.

5] മേൽ സാഹചര്യത്തിൽ, 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലും മറുപടി പ്രസംഗത്തിലും കിഫ്ബി ധനസഹായത്തോടുകൂടി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതികളിൽ ഉൾപ്പെട്ടിട്ടുള്ള കൊല്ലം ജില്ലയിലെ പത്തനാപുരം മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം എന്ന പദ്ധതി കിഫ്ബി ധനസഹായത്തിൽ നിന്നും ഒഴിവാക്കിക്കൊണ്ടും പ്രസ്തുത പദ്ധതിയ്ക്കായി 15.17 കോടി രൂപയുടെ വിശദമായ പദ്ധതി രൂപരേഖയ്ക്ക് ഭരണാനുമതി നൽകിക്കൊണ്ടുള്ള പരാമർശം 2-ലെ ഉത്തരവ് റദ്ദാക്കിക്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി ആർ ജയപാൽ
അഡിഷണൽ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ & മെമ്പർ സെക്രട്ടറി, കിഫ്ബി, ഫെലിസിറ്റി സ്ക്വയർ, രണ്ടാം നില, എം.ജി റോഡ്, സ്റ്റാച്ച്യൂ, തിരുവനന്തപുരം

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം

ജില്ലാ കളക്ടർ, കൊല്ലം

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം

സെക്രട്ടറി, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, തിരുവനന്തപുരം

ധനകാര്യവകുപ്പ്

ആഭ്യന്തര വകുപ്പ്

പൊതുമരാമത്ത് വകുപ്പ്

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി (REV-F2/225/2022-REV)

ഉത്തരവിൻ പ്രകാരം

Signed by
Sheeba V R
Date: 16-05-2025 12:09:55

സെക്ഷൻ ഓഫീസർ